തൃക്കരിപ്പൂർ ഈസ്റ്റ് എളേരിയിൽ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസിന് അനുവാദം

37 [1934] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ ചിറ്റാരിക്കാലിൽ കെ. എസ്. ഇ. ബി. സെക്ഷൻ ആഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിറ്റാരിക്കൽ പ്രദേശം ഇപ്പോൾ ഭീമനടി സെക്ഷന്റെ കീഴിലാണ് പ്രസ്തുത സെക്ഷനിൽ 13840 ഉപഭോക്താക്കളാണ് ഉള്ളത്. 20000-ത്തിന് കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷനുകളുടെ കാര്യത്തിൽ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

ഏരൂർ സെക്ഷൻ ആഫീസ് അനുവദിക്കാൻ നടപടി

38 [1935] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ വരുന്ന പുനലൂർ, അഞ്ചൽ, കുളത്തൂപ്പുഴ എന്നീ സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം പരിധിയിലും വളരെ കൂടുതലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഏരൂർ കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) പുനലൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ വരുന്ന അഞ്ചൽ സെക്ഷനാഫീസിൽ മാത്രമേ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പരിധിയായ 20000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ളൂ. (25524) പുനലൂരിലും കുളത്തൂപ്പുഴയിലും യഥാക്രമം 18131, 6401 ഉപഭോക്താക്കളാണുള്ളത്. ഇപ്പോൾ 20000-ൽ കൂടുതൽ ഉപഭോക്താക്കളുള്ള ഇലക്ട്രിക്കൽ സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കാൻ ബോർഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly